തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# നിരവധി മോഷണകേസുകളിലെ പ്രതി പിടിയിൽ

## കോവിഡ്-19

## പൂങ്കുളം വാർഡിലെ പുതിയ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.

## വിലക്ക് ലംഘനം: 33 പേർക്കെതിരെ കേസ്. 40,400/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- നഗരത്തിൽ അടഞ്ഞു കിടക്കുന്ന വീടുകൾ കേന്ദ്രീകരിച്ച മോഷണങ്ങൾ നടത്തുന്ന കുപ്രസിദ്ധ മോഷ്ടാവ് ആട്ടോ ജിതിൻ (20) മെഡിക്കൽകോളേജ് പോലീസിന്റെ പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം നഗരത്തിൽ പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണായി പ്രഖ്യാപിച്ച പൂങ്കുളം വാർഡിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. കൂടാതെ കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (24-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 33 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തതായും കമ്മീഷണർ അറിയിച്ചു.

### നിരവധി മോഷണ കേസുകളിലെ പ്രതി പിടിയിൽ

നഗരത്തിൽ അടഞ്ഞു കിടക്കുന്ന വീടുകൾ കേന്ദ്രീകരിച്ച മോഷണങ്ങൾ നടത്തുന്ന കുപ്രസിദ്ധ മോഷ്ടാവ്

ആട്ടോ ജിതിനാണ് മെഡിക്കൽകോളേജ് പോലീസിന്റെ പിടിയിലായത്. പേട്ട വില്ലേജിൽ വലിയതുറ വാർഡിൽ ശംഖുമുഖം രാജീവ് നഗറിൽ ടി.സി. 78/4003 ജോമോൻ ഭവനിൽ ആട്ടോ



മെഡിക്കൽ കോളേജ് പോലീസ്
അറസ്റ്റ് ചെയ്ത
കുപ്രസിദ്ധ മോഷ്ടാവ്
ജിതിൻ @ ആട്ടോ ജിതിൻ

ജിതിൻ എന്ന് വിളിക്കുന്ന ജിതിൻ റൊണാൾഡിനെ (20) ആണ് മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. ഉള്ളൂർ ഗ്രാമം ഭാഗത്ത് ഒരു വീട് കുത്തി തുറന്നു സ്വർണ്ണവും പണവും കവർന്ന കേസിലും, പോങ്ങുംമൂട് ജംഗ്ഷന് സമീപം ഒരു കിൻഡർ ഗാർഡൻ പൊളിച്ച് മോഷണം നടത്തിയ കേസിലുമാണ് ജിതിനെ അറസ്റ്റ് ചെയ്തത്. പകൽ സമയങ്ങളിൽ പൂട്ടിക്കിടക്കുന്ന വീടുകൾ നോക്കിവച്ച ശേഷം രാത്രിയിൽ ഒരു ടീമായി വന്നു മോഷണം നടത്തുന്നതാണ് ഇവരുടെ രീതി. ഈ കേസിലെ കൂട്ട് പ്രതികളെ നേരത്തെ തന്നെ മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. മെഡിക്കൽ കോളേജ് പരിധിയിൽ മോഷണം നടത്തിയിരുന്ന അതേ കാലയളവിൽ തന്നെ വഞ്ചിയൂർ സ്റ്റേഷൻ പരിധിയിലും ഇയാളുടെ നേതൃത്വത്തിൽ മോഷണങ്ങൾ നടത്തിയിരുന്നു. മെഡിക്കൽകോളേജ്, വഞ്ചിയൂർ, തുടങ്ങി സിറ്റിയിലെ വിവിധ സ്റ്റേഷനുകളിൽ ഇയാൾക്കെതിരെ കേസുകൾ നിലവിലുണ്ട്. മോഷണത്തിലൂടെ ലഭിക്കുന്ന പണം മദ്യത്തിനും മയക്കുമരുന്നിനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. മെഡിക്കൽകോളേജ് എസ് എച്ച് ഓ ഹരിലാൽ, എസ് ഐ പ്രശാന്ത്, എസ് സി പി ഓ രഞ്ജിത്ത്, സി പി ഓ പ്രതാപൻ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## പൂങ്കുളം വാർഡിലെ പുതിയ മൈക്രോ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.

നഗരത്തിൽ പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച പൂങ്കുളം വാർഡിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിത സമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

## കോവിഡ് സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ഇന്നലെ (24-09-2020) രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 22 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 185 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 17 പേരിൽ നിന്നുമായി 40,400/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 4 വാഹനങ്ങൾക്കെതിരെയും മാനദണ്ഡങ്ങൾ പാലിക്കാത്ത 3 കടകൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

24-09-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

24/09/2020.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE * THIRUVANANTHAPURAM CITY * Government of Kerala